# 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2146** — **03-03-2025 - ൽ മറുപടിയ്ക്ക്**

## ആരോഗ്യ വകുപ്പിലെ സ്ഥലംമാറ്റവും നിയമനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ആരോഗ്യ വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാർ മൂന്ന് വർഷത്തിൽ കൂടുതൽ ഒരു സീറ്റിൽ ഒരേ ഓഫീസിൽ ജോലിചെയ്യാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ; മൂന്ന് വർഷത്തിൽ കൂടുതൽ ഒരേ സീറ്റിലും ഒരേ ഓഫീസിലും ജോലി ചെയ്തുവരുന്ന ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ വ്യവസ്ഥ പാലിക്കാത്ത സ്ഥിതി ആരോഗ്യ വകുപ്പിൽ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും, 25/02/2017 -ലെ സ.ഉ.(പി) നം. 3/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ആരോഗ്യവകുപ്പിലെ ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾ നടത്തിവരുന്നത്.<br><br>മേൽ പ്രകാരമുള്ള സർക്കാർ ഉത്തരവിലെ 2(iii) ഖണ്ഡിക പ്രകാരം; "പുറത്തെ സ്റ്റേഷനിൽ3വർഷ കാലാവധി പൂർത്തിയാക്കിയ അവകാശപ്പെട്ട ആൾക്ക് മാറ്റം നൽകുന്നതിന് ആവശ്യമുള്ള പക്ഷമോ നിലവിലുള്ള ജീവനക്കാരന്റെ സ്ഥലംമാറ്റം പൊതുതാൽപ്പര്യാർത്ഥം ആവശ്യമായി വരുന്ന പക്ഷമോ അല്ലാതെ ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വർഷം സർവ്വീസ് പൂർത്തിയാക്കിയിട്ടില്ലാത്ത ഒരു ജീവനക്കാരനെയും അച്ചടക്ക നടപടി/ വിജിലൻസ് അന്വേഷണം, അനുകമ്പാർഹമായ കാരണങ്ങൾ, ഒഴിവില്ലാത്ത കാരണങ്ങളാൽ സ്വന്തം ജില്ലയിൽ/ഓപ്റ്റ് ചെയ്ത ജില്ലയിൽ നിന്നും സ്ഥലംമാറ്റപ്പെട്ടവർ എന്നിവയിൽ ഉൾപ്പെടാത്തവരെ സ്ഥലംമാറ്റേണ്ട ആവശ്യമില്ല. ഒരു പ്രത്യേക സ്റ്റേഷനിൽ മൂന്നു വർഷത്തെ സേവനം പൂർത്തിയാക്കിയെന്ന കാരണത്താൽ ഒരാളെ സ്ഥലംമാറ്റേണ്ടതില്ല. മറ്റൊരു സ്റ്റേഷനിൽ മൂന്നു വർഷം പൂർത്തിയാക്കിയ അപേക്ഷകൻ ആ |

| | | | |
|---|---|---|---|
| | | | സ്റ്റേഷനിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം സ്ഥലം മാറ്റം നടത്തിയാൽ മതിയാകും. എന്നിരുന്നാലും 3വർഷത്തിനപ്പുറം ഒരു ജീവനക്കാരനെയും ഒരേ സീറ്റിൽ/സെക്ഷനിൽ തുടരുന്നതിന് അനുവദിക്കേണ്ടതില്ല. അദ്ദേഹത്തെ/അവരെ അതേ സ്റ്റേഷനുള്ളിലെ/ഓഫീസിനുള്ളിലെ സെക്ഷനുള്ളിലെ മറ്റു സീറ്റുകളിലേയ്ക്ക്/ സെക്ഷനുകളിലേയ്ക്ക് സ്ഥലം മാറ്റേണ്ടതാണ്" എന്ന് വ്യക്തമാക്കുന്നുണ്ട്.<br><br>ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ആരോഗ്യ വകുപ്പിലെ സ്ഥലംമാറ്റം/സെക്ഷൻ മാറ്റം നൽകിവരുന്നത് |
| (ബി) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ഡി.എം.ഒ. ഓഫീസുകളിലും വകുപ്പിന് കീഴിലുള്ള മറ്റ് ഓഫീസുകളിലും മൂന്ന് വർഷത്തിൽ കൂടുതലായി ഒരേ സീറ്റിലും ഒരേ ഓഫീസിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ; | (ബി) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ 19-പേരും, ക്ലാർക്ക് തസ്തികയിൽ 10-പേരും ജോലി നോക്കുന്നു. ജില്ലകളിലെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | തിരുവനന്തപുരം ഡി.എം.ഒ. ഓഫീസിലും ഡി.എം.ഒ. ഓഫീസിന് കീഴിലുള്ള മറ്റ് ഓഫീസുകളിലും മൂന്ന് വർഷത്തിലധികമായി ഒരേ സീറ്റിലും ഒരേ ഓഫീസിലും ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (സി) | തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം)-ലും ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിന്റെ അധികാരപരിധിയിൽ വരുന്ന ഓഫീസുകളിലും മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലുള്ള 65 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. |
| (ഡി) | ആരോഗ്യ വകുപ്പിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിലും ഒരേ സീറ്റിലും ജോലി ചെയ്യുന്ന ജീവനക്കാരെ സ്ഥലംമാറ്റി നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | നിലവിലെ സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യ നം നം. 2146 (ബി) പിരിവ്.**

| നം. | ജില്ലാ | സീനിയർ സൂപ്രണ്ട് | ക്ലർക്ക്/സീനിയർ ക്ലാർക്ക്/ക്ലാർക്ക് ടൈപ്പിസ്റ്റ് | എൽ.ഡി./ യു.ഡി. ടൈപ്പിസ്റ്റ് | ഓഫീസ് അറ്റൻഡന്റ് |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | – | 65 | – | – |
| 2 | കൊല്ലം | – | 62 | – | 66 |
| 3 | പത്തനംത്തിട്ട | – | 36 | 3 | 27 |
| 4 | ആലപ്പുഴ | – | 4 | – | – |
| 5 | കോട്ടയം | – | 51 | 5 | 24 |
| 6 | ഇടുക്കി | – | 15 | – | – |
| 7 | എറണാകുളം | – | 51 | – | – |
| 8 | തൃശ്ശൂർ | – | 61 | – | 42 |
| 9 | പാലക്കാട് | 1 | 52 | 1 | 29 |
| 10 | മലപ്പുറം | – | – | – | – |
| 11 | കോഴിക്കോട് | – | 29 | 2 | 28 |
| 12 | കണ്ണൂർ | – | 28 | – | – |
| 13 | വയനാട് | – | 10 | – | 4 |
| 14 | കാസർഗോഡ് | – | 25 | 2 | 21 |